**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3800** **03-03-2023 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ പരിപാടിയിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടോ; | (എ) | പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് നേതൃത്വം നൽകുകയും ഇതിന്റെ ഭാഗമായി അതിദരിദ്രരുടെ വരുമാനം, ആരോഗ്യരക്ഷ,ജീവനോപാധികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്ന കുടുംബാധിഷ്ഠിത സൂക്ഷ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത ലക്ഷ്യത്തിനായി ഭക്ഷണം, പാർപ്പിടം, ഉപജീവനമാർഗ്ഗം, ആരോഗ്യം എന്നീ 4 ഘടകങ്ങളെ അടിസ്ഥാനമാക്കി ജനപങ്കാളിത്തത്തോടെ പൂർത്തീകരിച്ച അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിൽ സംസ്ഥാനത്ത് 64006 കുടുംബങ്ങൾ അതിദരിദ്രരായി കണ്ടെത്തുകയുണ്ടായി.<br><br>തുടർന്ന് അതിദാരിദ്ര്യ ഉപപദ്ധതി തയ്യാറാക്കുകയും കുടുംബശ്രീയുടെ സഹായത്തോടെ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ (ഒരു കുടുംബത്തിന് ഒരു പ്ലാൻ) തയ്യാറാക്കാനും നടപ്പിലാക്കാനും തദ്ദശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. മൈക്രോപ്ലാനുകളെ അടിയന്തര പരിചരണ പദ്ധതി (ഉടനടി നൽകേണ്ട സേവനങ്ങൾ), ഹ്രസ്വകാലപദ്ധതി (3 മാസം മുതൽ 2 വർഷം വരെ), ദീർഘകാല പദ്ധതി എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിരിക്കുന്നത്.<br><br>ഇതിന്റെ ഭാഗമായി നാളിതുവരെ തദ്ദേശഭരണ സ്ഥാപനങ്ങൾ 25.47 കോടി രൂപ അടങ്കലുള്ള 731 പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.<br><br>കൂടാതെ, 2023-24 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണവുമായി ബന്ധപ്പെട്ട് മതിയായ ഫണ്ടുകളില്ലാത്ത പ്രാദേശിക സർക്കാരുകൾക്ക് മൈക്രോപ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനായി 50 കോടി രൂപ ഗ്യാപ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചവത്സര പദ്ധതിയിൽ ലിംഗ പദവി വികസനത്തിന്റെയും സാമൂഹ്യ നീതിയുടെയും മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | <u>ലിംഗപദവി വികസനം</u><br><br>പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ജെൻഡർ ബജറ്റിങ്ങിനായി 2022-23 വർഷത്തിൽ 4665.20 കോടി രൂപയും (20.90%) 2023-24 വർഷത്തിൽ 4670.22 കോടി രൂപയും (21.12%) വകയിരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകിയിട്ടുണ്ട്. നൈപുണ്യ വികസനത്തിനുള്ള പദ്ധതിൾ രൂപീകരിക്കുക, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക, ഉയർന്ന മിനിമം വേതനം ഉറപ്പാക്കുക, സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിൽ ഇടങ്ങൾ സൃഷ്ടിക്കുക എന്നിവ ഇതിന്റെ ഭാഗമാണ്. ലിംഗപദവിയും വികസനവും എന്ന മേഖലയിലെ നയങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2017-ൽ സ്ഥാപിതമായ വനിതാ ശിശു വികസന വകുപ്പ് (WCD) സഹായകമായിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ സ്ത്രീകൾക്ക് വേണ്ടി വകുപ്പിന്റെയും അനുബന്ധ ശൃഖലയുടേയും പ്രവർത്തനം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ജെൻഡർ സെൻസിറ്റീവ് ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലിംഗപദവി തിരിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. വീട്ടുജോലിക്കാർ, മത്സ്യത്തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ വേതനം, സുരക്ഷ, ആരോഗ്യം, ഇൻഷുറൻസ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക ശ്രമങ്ങൾ നടത്തിവരികയാണ്. സുരക്ഷിതമായ പൊതുഇടങ്ങൾ ഉറപ്പാക്കുന്നതിനും, പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സുരക്ഷിതമായ ജോലിസ്ഥലങ്ങൾ ഉറപ്പാക്കുന്നതിനും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള നയങ്ങൾക്കും പദ്ധതികൾക്കും പതിനാലാം പഞ്ചവത്സരപദ്ധതിയിൽ പിന്തുണ നൽകിയിട്ടുണ്ട്. കൂടാതെ, സ്ത്രീകളുടെ മേലുള്ള ഗാർഹിക ജോലികളുടെ |

ഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾക്കും പിന്തുണ നൽകുന്നതാണ്. കേരളത്തിലെ പെൺകുട്ടികളിലും, സ്ത്രീകളിലുമുള്ള വിളർച്ച ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയും നൽകിവരുന്നു.

സാമൂഹ്യനീതി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സാമൂഹ്യ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുമായി 2022-23 വർഷത്തിൽ 569.65 കോടി രൂപയും 2023-24 വർഷത്തിൽ 582.39 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വിവേചനത്തെയും ദാരിദ്ര്യത്തെയും ചെറുക്കുന്നതിനും സാമൂഹിക ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള അടിസ്ഥാന മനുഷ്യാവകാശം സംരക്ഷിക്കുന്നതിനുള്ള ശക്തമായ ഉപകരണമാണ് സാമൂഹികസുരക്ഷ. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാവർക്കും ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും പിന്തുണ നൽകുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്.
ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഉറപ്പാക്കുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ നിയമനിർമ്മാണങ്ങളും പ്രാബല്യത്തിൽ വരുത്താൻ സർക്കാർ നയം ശ്രമിക്കുന്നു. ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്നനിലയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്താനുള്ള എല്ലാ ശ്രമങ്ങളെയും പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുമെന്ന് 14-ാം മത്പഞ്ചവത്സരപദ്ധതി സമീപനരേഖ വ്യക്തമാക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും കേരളത്തെ തടസ്സരഹിതമാക്കുന്നതിന് സംഭാവനചെയ്യുന്ന എല്ലാ പദ്ധതികൾക്കും പിന്തുണ നൽകും.
ഭിന്നശേഷിക്കാർക്ക് സഹായകമായ സാങ്കേതിക വിദ്യകളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ഈ മേഖലയിലെ പ്രമുഖ പൊതുസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനുമായുള്ള സംസ്ഥാന നിക്ഷേപം നടന്നുവരുന്നു. ആധുനിക തൊഴിലവസരങ്ങൾക്കായുള്ള നൈപുണ്യ വികസനത്തിന്റെ പുതിയ പരിപാടികൾ കേരളം ആരംഭിക്കുകയും ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും വിവിധപദ്ധതികളിൽ ഉൾപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ നയം മുതിർന്ന പൗരന്മാരെ ശാക്തീകരിക്കുകയും ആരോഗ്യകരവും സുരക്ഷിതവും ഉൽപ്പാദനക്ഷമവുമായ ജീവിതം

| | | | |
|---|---|---|---|
| | | | നയിക്കാൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ്. താഴ്ന്ന വരുമാനക്കാരായ മുതിർന്ന പൗരന്മാർക്ക് ക്ഷേമപെൻഷനുകൾ മുഖേന കേരള സർക്കാർ വരുമാന പിന്തുണയും സാമ്പത്തികസുരക്ഷയും നൽകുന്നത് തുടരും. മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആരോഗ്യ സംരക്ഷണത്തിനും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങൾക്കും ഈ പദ്ധതി തുടർന്നും ധനസഹായം നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന കമ്മ്യൂണിറ്റി അടിസ്ഥാനത്തിലുള്ള പിന്തുണ പരിപാടികൾ ശക്തിപ്പെടുത്തും. ട്രാൻസ്ജെന്ററുകൾ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. വിവിധ വകുപ്പുകളുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സംരക്ഷണം, നൈപുണ്യ പരിശീലനം, വായ്പ, ഉപജീവന പദ്ധതികൾ എന്നിവയിലേക്കുള്ള ട്രാൻസ്ജെൻഡേഴ്സിന്റെ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികളെ പിന്തുണയ്ക്കുന്ന പദ്ധതിയും തുടരും . |

സെക്ഷൻ ഓഫീസർ